"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്-എെ.സി.പി.എസ്-അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും യൂബർ ടാക്സിയിലൂടെ സൗജന്യ യാത്ര -അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.684/2020/സാ.നീ.വ** തീയതി,തിരുവനന്തപുരം, 30/11/2020

പരാമർശം:- വനിതാശിശു വികസന ഡയറക്ടറുടെ 03.11.2020 ലെ എെസിപിഎസ് 1/2836/20 നമ്പർ കത്ത്

**ഉത്തരവ്**

അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും തിരുവനന്തപുരം,എറണാകുളം എന്നീ ജില്ലകളിലെ നിശ്ചയിക്കപ്പെടുന്ന പോയിൻ്റുകളിൽ വിവിധ സൈക്കോളജിക്കൽ -മെഡിക്കൽ -ലീഗൽ ആവശ്യങ്ങൾക്കും റെസ്ക്യൂ നടത്തുന്നതിനും സൗജന്യയാത്ര അനുവദിക്കുന്നത്, യൂബർ ടാക്സിയുടെ CSR പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സന്നദ്ധത, യൂബർ ടാക്സി അധികൃതർ അറിയിച്ചതായി, വനിതാശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വനിതാശിശു വികസന വകുപ്പ്,പോലീസ് വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നതനുസരിച്ചാണ് ട്രിപ്പുകൾ ക്രമീകരിക്കുക എന്നും ആയത് സ്വീകരിക്കുന്നതിനുള്ള സർക്കാർ അനുമതി നല്കണമെന്നും വനിതാശിശു വികസന ഡയറക്ടർ പരാമർശം പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(2)സർക്കാർ ഈ വിഷയം പരിശോധിച്ചു. അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും തിരുവനന്തപുരം,എറണാകുളം എന്നീ ജില്ലകളിലെ നിശ്ചയിക്കപ്പെടുന്ന പോയിൻ്റുകളിൽ ,വനിതാശിശു വികസന വകുപ്പ്/പോലീസ് വകുപ്പ് ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നതനുസരിച്ച് ട്രിപ്പുകൾ ക്രമീകരിക്കുന്ന വ്യവസ്ഥയിൽ , യൂബർ ടാക്സിയിലൂടെ (CSR പദ്ധതിയിൽ ഉൾപ്പെടുത്തി) സൗജന്യയാത്ര നടത്തുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
**സെക്രട്ടറി**

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പോലീസ് ചീഫ് , കേരള

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ